


## അതിരപ്പിള്ളി 'ക്രിക്കി'നെപ്പറ്റി ഇനി യെന്തെഴുതാൻ?

റോബിൻ,

മാപ്പ്. ഇല്ലാത്ത 'ഹുഡ്' (വി പ്രതി പത്തി) കാട്ടി എന്നെ വിഷമിപ്പിക്കരുത്.

അതിരപ്പിള്ളിയെപ്പറ്റി എന്തെങ്കിലും എഴുതിത്തരാമെന്ന് പറഞ്ഞത് കഴിഞ്ഞില്ല. ക്ഷമിക്കുക.

മരത്തലയന്മാരാകാൻ മാത്രം ഞാൻ പഠിപ്പിക്കുന്ന കുട്ട്യോളും, നാട്ടുമാവും, കാട്ടുതീയും, പണ്ടേ കെട്ടുപ്രായം കഴിഞ്ഞ ഒരു അണക്കെട്ടും ഒക്കെക്കൂടി എന്റെ ദിനങ്ങൾ പങ്കുവെച്ചെടുക്കുകയാണ്. പിന്നെ സഹജമായ മടിയും. ഈയിടെയായി മടിയന്മാരുടെ മാമാങ്കമായ ലോകകപ്പ് രാത്രികളെയും.

നാരായം കയ്യിലെടുത്താൽ തിരുല്വാമലക്കാരൻ നാരായ(ൺ)നായരുടെ പ്രേതം വന്ന് "കള്ളാ" എന്നു വിളിക്കുകയായി. നോന് ഈയിടെ തിരുല്വാമലേല് 'സം'ബന്ധംണ്ട്ന്നറിയാലോ?

ചാലക്കുടിപ്പാലത്തിന്റെ താഴേക്കൂടി മാത്രമല്ല മുകളിൽക്കൂടിയും വെള്ളം ശ്ശി ഒഴുക്ണ്ട്ന്നാണ് വാർത്ത.

അതിരപ്പിള്ളി 'ക്രിക്കി'നെപ്പറ്റി ഇനിയെന്തെഴുതാൻ? അശാസ്ത്രീയമായതൊന്നും തങ്ങൾക്ക് പഥ്യമല്ലെന്ന് ശാസ്ത്രീയകമ്മിറ്റി പറഞ്ഞപ്പോഴേ കളിയുടെ 'ത്രിൽ' തീർന്നു.

എന്നിട്ടും പുഴുത്തുചത്ത വാദങ്ങൾ ശ്ശിണ്ടായി.

പൂഴിചോരാത്തത്ര ജനം ഉണ്ടാവുമെന്നാണ് കേട്ടത്. പൂഴിക്കടകനും. രണ്ടൂംണ്ടായില്ല.


ടോസ് ചെയ്യാതെത്തന്നെ പന്തെറിയാനാണ് ഫീൽഡ് അമ്പയറായ ശാസ്ത്രിഗാരു കൽപ്പിച്ചത്. കുട്ട്യോള് നന്നായി പന്തെറിഞ്ഞു. നടുക്കുറ്റി നോക്കിത്തന്നെ. പിടിവിടാതെ. വിക്കറ്റുവീഴ്ചകൾക്കിടയിൽ ഒന്നോരണ്ടോ എക്സ്ട്രാസ് മാത്രം വിട്ടുകൊടുത്തുകൊണ്ട്. ച്ചാൽ ഓട്ടപ്പാച്ചിലധികമില്ലാതെ ഓൾ ഔട്ട് എന്നായാൽ ശ്ലീലമായി.

പക്ഷേ കളി ജയിപ്പിക്കുന്നത് കളത്തിനു പുറത്തുള്ള തേഡ് അമ്പയറാണെന്ന് ഒരു ഭൗമികസന്ദേഹം (a down to earth doubt). എറിഞ്ഞതെല്ലാം നോബോളാണെന്ന് വിധിക്ക്യോ? വെള്ളക്കാക്ക വീണ്ടും മലർന്ന് പറക്ക്വോ? വേതാളം വീണ്ടും കുതറിപ്പാഞ്ഞ് തലകീഴായ ചോദ്യം ചോദിക്ക്യോ? നിശ്ശംല്ല്യ.

ന്നാലും നിശ്ശള്ളത് ഒന്ന്ണ്ട്. ഇല്ലാത്ത റണ്ണിനുവേണ്ടി ആക്രാന്തം കാണിച്ച് ഓടുന്നോര് റണ്ണൗട്ടായിക്കൊള്ളും. നോബോളാണെങ്കിലും.

**മോഹൻദാസ് എം.**
പ്രോവിഡൻസ് കൊടകര

## കേരളീയം നെൽകൃഷി




**കേരളീയം** കഴിഞ്ഞമാസം വായനക്കാരുടെ മുമ്പിൽ ചില ചോദ്യങ്ങൾ വച്ചിരുന്നല്ലോ. എന്റെ പ്രതികരണം ഇങ്ങനെയാണ്:

1. കൃഷി നിലനിർത്തണം

2. കൂട്ടായ കൃഷിരീതി വേണം. ഒറ്റയ്ക്ക് ഒരു കർഷകനും ഒരു പാടത്തിനും നിൽക്കാൻ പറ്റില്ല. തൃശൂരിലെ പാടശേഖര മാതൃകകൾ എല്ലായിടത്തും രൂപവത്കരിക്കണം. മണ്ണെടുപ്പ്, ചൂഷണം എന്നിവ തടയാനും വിലയടക്കമുള്ള ശ്രമങ്ങളിൽ സന്ദർഭ ശക്തിയായി നിലനിൽക്കാനും പറ്റും.

3. പ്രാദേശിക ജനപ്രതിനിധികൾ, പരിസ്ഥിതി പ്രസ്ഥാനങ്ങൾ, കൃഷി തുടർന്നും ചെയ്യാൻ താൽപര്യമുള്ള കൃഷിക്കാർ എന്നിവരെ ചേർത്ത് കൂട്ടായ്മകൾ.

4. കൃഷിവകുപ്പ് നിയമപരമായി തന്നെ ഇതിന് ഉത്തരവാദിത്വം ഉള്ളവർ ആണ്.

**കെ.ആർ.പി. പത്തനംതിട്ട**

## നെല്ല് ഇഷ്ടമല്ല, കുത്തരി ചോറുണ്ണാം

**കേരളീയം** നെല്ല് പ്രത്യേക പതിപ്പ് ഇറക്കുന്നു എന്നു പറഞ്ഞപ്പോൾ സുഹൃത്തിന്റെ പ്രതികരണം:

"...എനിക്ക് കൃഷി ഇഷ്ടമല്ല, നെല്ല് ഇഷ്ടമല്ല, കറ്റ ഇഷ്ടമല്ല, മെതിക്കുന്നത് കാണുന്നതു തന്നെ കരുകരുപ്പാണ്. ആകെയുള്ള ഇഷ്ടം കുടമ്പുളിയിട്ട മീൻകറിയും പാലുപിഴിഞ്ഞ മാങ്ങക്കറിയും കൂട്ടി കുത്തരി ചോറുണ്ണുന്നതാ.

പണ്ട് കൃഷിയുണ്ടായിരുന്നു. പാടത്തു പോവാറുണ്ട്. കറ്റ ടെമ്പോയിൽ അട്ടിയായി കയറ്റി അതിനു മുകളിൽ കയറിയിരുന്ന് വരുന്നത് വളരെ ഇഷ്ടമാണ്. കൃഷിയുമായി ബന്ധപ്പെട്ട മറ്റൊന്നും കണ്ണെടുത്താൽ കണ്ടുകൂടാ..."

**അവനീത്**
ഗയ, വിയ്യൂർ

## മണ്ണിനേയും മനുഷ്യനേയും രക്ഷിക്കേണമേ

കാരുണ്യകൈവിളക്കായുള്ള ദൈവമേ
നേരായമാർഗ്ഗം നീ ഏകീടണേ
നാടിന്റെ നെഞ്ചാം വയലുകളും
കുടിനീര് പകരുന്ന തോടുകളും
അന്യമാക്കീടതീ ഭൂവിൽനിന്നും
കീറിപറക്കല്ലെ നെഞ്ചകത്തെ
മണ്ണിനെ രക്ഷിച്ചുപാവങ്ങൾക്കേകിയാൽ
ജീവിക്കാൻ നമ്മൾക്ക് സമത്വരയാൽ
മറന്നീടല്ലേ കൃഷിഭൂമിയെ നമ്മൾ
കുഴിച്ചുമൂടല്ലെ മനസ്സുകളെ

**അനിൽകുമാർ എം.ബി., ആന്റു പി.സി.**
ഹരിത പുരുഷസഹായ സംഘം, ആനന്ദപുരം

## മനുഷ്യബോധം!




കേരളീയം ഫെബ്രുവരി ലക്കം (115) മനുഷ്യബോധം എന്ന അത്ഭുതം- പ്രത്യേക പതിപ്പ് അത്ഭുതപ്പെടുത്തി. മാറ്ററുകളിലെ ഗൗരവ സ്വഭാവം, ലേഔട്ടിലെയും ചിത്രങ്ങളുടെയും ആകർഷണീയത, കവിതകൾ എല്ലാം ശ്രദ്ധേയമായി. വായിച്ചാൽ മനസ്സിലാകുമോ എന്ന പേടിയുണ്ടായെങ്കിലും ഇല്ല, സംഗതി കുഴപ്പമില്ല. കേരളീയം മെച്ചപ്പെടുന്നോ?

**മുഹമ്മദ് ഇസഹാക്ക്**
പഴമ്പലങ്ങോട്

## കൃഷി മലയാളത്തിന് കരുത്തുമായി 'ജ്വാല'

**വാഴക്കുളം:** മണ്ണിനെയും ജീവജാലങ്ങളെയും ജലസ്രോതസ്സുകളെയും വായുവിനെയും വിഷലിപ്തമാക്കി മനുഷ്യസമൂഹത്തെ മാരകരോഗികളാക്കുന്ന ആധുനിക രാസകൃഷിക്കെതിരെ ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ട് ജ്വാല നടത്തിയ നവരകൃഷി കൊയ്ത്തുത്സവം നാടിന്റെ സമൃദ്ധിയുടെയും ആരോഗ്യത്തിന്റെയും നാന്ദി കുറിക്കലായി. ഇരുപത്തിഏഴു വർഷമായി വാഴക്കുളത്തെ കലാ-സാംസ്കാരിക രംഗത്തു ജ്വാലയായി നിറഞ്ഞു നിൽക്കുന്ന ജനകീയ കലാ സാംസ്കാരിക വേദിയാണ് പാടത്ത് ഔഷധഗുണത്തിന് പുകൾപെറ്റ ഞവര വിതച്ച് വിളവെടുത്ത് പുതിയ നേരിന്റെ തെളിച്ചമുള്ള ചരിത്രമെഴുതിയത്. നവരച്ചോറും നവരക്കിഴിയും ആരോഗ്യസംരക്ഷണത്തിന് പണ്ടുകാലം മുതലേ ആയുർവ്വേദ ചികിത്സയിൽ ഉപയോഗിച്ചുവരുന്നു.

നാട്ടിൻപുറത്തെ കാർഷിക വിദഗ്ധരും കലാകാരന്മാരും അധ്യാപകരും സാമൂഹ്യ പ്രവർത്തകരും നേതാക്കളും നവരകൃഷി ചെയ്യുവാൻ വാഴക്കുളം മണൽച്ചിറ പാടമൊരുക്കിയതു മുതൽ കൊയ്ത്തുവരെ കൃഷി കൂട്ടായ്മയിൽ പങ്കാളിയായി. അര ഏക്കർ നിലം പാട്ടത്തിനെടുത്ത് ജൈവവളങ്ങളും ജൈവ കീടനാശിനികളും ഉപയോഗിച്ചാണ് നവരകൃഷി നടത്തിയത്. നാട്ടറിവിന്റെയും നാടൻ ശാസ്ത്രസാങ്കേതിക വിദ്യകളുടെയും സഹായത്തോടെ കൃഷിയിൽ അത്ഭുതകരമായ വിളവ് ഉത്പാദിപ്പിക്കുവാൻ കഴിയുമെന്നു നവരകൃഷിയിലൂടെ ജ്വാല വീണ്ടും തെളിയിച്ചു. വിതയുടെ ഉദ്ഘാടനം ആലപ്പി സൂര്യകാന്തിയിലെ പി.എം.ആന്റണിയും വിളവെടുപ്പിന്റെ നാന്ദി കുമാരി നിറ്റാ മരിയ വിത്സണും നിർവ്വഹിച്ചു.

ജ്വാലയുടെ മുൻ പ്രസിഡന്റ് ഒ.എം. ജോർജ്ജ്, സെക്രട്ടറി കെ.ജെ. വിജയകുമാർ, പ്രസിഡണ്ട് അഡ്വ. ജോണി മെതിപ്പാറ, വൈസ് പ്രസിഡന്റ് വി.പി. ചാക്കോച്ചൻ തുടങ്ങിയവരാണ് കൃഷിക്ക് നേതൃത്വം നൽകിയത്.

**ഒ.എം. ജോർജ്ജ്**
ജ്വാല, വാഴക്കുളം പി.ഒ., മൂവാറ്റുപുഴ

## വൈദ്യുതി പദ്ധതി മീൻവല്ലത്തിന്റെ ആത്മാവിനെ നശിപ്പിക്കും

**ഡോ. പി.എസ്. പണിക്കർ**

**ഭാരതപ്പുഴയുടെ** പ്രധാന പോഷക നദിയായ തൂതപ്പുഴയുടെ കൈവഴിയായ തുപ്പനാട്ട് പുഴയിൽ നാടുകാണി മലക്കും പ്രൊഫസർ കുന്നിനുമിടക്ക് 10 മീറ്റർ ഉയരത്തിൽ അണക്കെട്ടു നിർമ്മിച്ച് ജലം തടഞ്ഞുനിർത്തി 500 മീറ്റർ താഴ്ച്ചയിലേക്ക് വെള്ളം പടുകൂറ്റൻ പെൻസ്റ്റോക്ക് പൈപ്പുവഴി തിരിച്ചുവിട്ട് ജനറേറ്റർ പ്രവർത്തിച്ച് പ്രതിവർഷം കേവലം 3 മാസം 3 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് പാലക്കാട് ജില്ലാപഞ്ചായത്തിന്റെ സംരംഭമായ മീൻവല്ലം വൈദ്യുത പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഫലമായി അണക്കെട്ടുമുതൽ പവർഹൗസ്വരെയുള്ള 500 മീറ്റർ പ്രദേശത്തെ പുഴ ഇല്ലാതാകും. പുഴയുടെ പ്രകൃതിദത്തമായ നീരൊഴുക്കിന് തടസ്സമാകും. ജലബാഷ്പീകരണത്തിന്റെ അളവുകൂടും. 0.62 ഹെ. വനം വെള്ളത്തിൽ മുങ്ങിപ്പോകും. ഇത് ഇവിടുത്തെ കാടിനെയും, കാലാവസ്ഥയേയും ജന്തുജാലങ്ങളെയുമൊക്കെ ദോഷകരമായി ബാധിക്കും. കെട്ടിനിറുത്തിയ ജലത്തിന്റെ സമ്മർദ്ദംമൂലം മലയിടിച്ചിലുണ്ടാകാം. തൂതപ്പുഴയാണ് അണക്കെട്ടില്ലാത്തതും, അനവരതമായ നീരൊഴുക്കുള്ളതുമായ ഭാരതപ്പുഴയുടെ ഏക പോഷകനദി. പാലക്കാട്-മലപ്പുറം ജില്ലകളിലായി 25ൽ പരം ഗ്രാമപഞ്ചായത്തുകളുടെയും, പെരിന്തൽമണ്ണ, പൊന്നാനി മുനിസിപ്പാലിറ്റികളുടെയും കുടിവെള്ള പദ്ധതികളും കൃഷിക്കാരുടെ ജലസേചന പദ്ധതികളും ഈ പുഴയിലാണ്. ലക്ഷക്കണക്കിന് ജനങ്ങൾക്ക് കുടിനീർ നൽകുന്നതും, ഏക്കർകണക്കിന് കൃഷിക്ക് ജലസേചനത്തിന് ഉതകുന്നതുമായ പദ്ധതികൾ അവതാളത്തിലാകും. മാത്രമല്ല, തൂതപ്പുഴയിൽ നീരൊഴുക്കു കുറഞ്ഞാൽ, ഭാരതപ്പുഴയുടെ താഴെ തലങ്ങളിലേക്ക് സമുദ്രത്തിൽനിന്ന് ഉപ്പുവെള്ളം തള്ളിക്കയറും.

ഈ പദ്ധതി നടത്തിപ്പിന് 1.15 ഹെ. വനഭൂമി മാത്രമാണ് ചില വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. പക്ഷെ, അനുമതി നേടിയെടുക്കുന്നതിനുള്ള ഒരു തന്ത്രം മാത്രമാണിത്. 5 ഹെ. വനഭൂമി നശിപ്പിക്കപ്പെടുമെന്ന് കണക്കാക്കപ്പെടുന്നു. പദ്ധതി തുടങ്ങി പിന്നീട് സമ്മർദ്ദം ചെലുത്തി കൂടുതൽ വനഭൂമി വാങ്ങും. 567 മരങ്ങൾ മുറിച്ചുമാറ്റാനാണ് അനുവാദം. എന്നാൽ, 1300ൽ പരം മരങ്ങൾ മുറിച്ചുമാറ്റേണ്ടതായും, ആ പ്രദേശത്തുള്ള അടിക്കാട് വെട്ടിനശിപ്പിക്കേണ്ടതായും വരും. പദ്ധതി പ്രദേശത്തേക്ക് പടുകൂറ്റൻ ഇരുമ്പുപൈപ്പുകൾ കൊണ്ടുപോകേണ്ടതിലേക്കായി വനനിയമങ്ങൾ ലംഘിച്ചുകൊണ്ട് റോഡ് നിർമ്മിക്കേണ്ടതായും വരും. പകരം വനവൽക്കരണമെന്നു പറയുന്നത്, വെറും വീൺവാക്കാണെന്നതാണ് മുൻകാല അനുഭവം.

ഇപ്പോൾ വീണ്ടും 10 കോടി രൂപ മുടക്കി, നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് ജില്ലാപഞ്ചായത്ത്. നമ്മുടെ കാടും, പുഴയും, നാടും നശിപ്പിക്കുന്ന ഈ പദ്ധതിക്കെതിരെയുള്ള ജനകീയ പ്രക്ഷോഭത്തിന് എല്ലാ നല്ലവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഭാരതപ്പുഴ സംരക്ഷണ സമിതി
തൂതപ്പുഴ സംരക്ഷണ സമിതി
ജനജാഗ്രത, പാലക്കാട്-1